**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 376** **22-02-2022 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ വഴിയുള്ള മയക്ക് മരുന്ന് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ .പി. കെ. ബഷീർ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | എം.ഡി.എം.എ. പോലുള്ള മയക്ക് മരുന്നുകൾ സംസ്ഥാനത്ത് ഓൺലൈൻ വഴി അനായാസം എത്തിച്ച് വിതരണം നടത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത്തരം വിതരണക്കാരെ കണ്ടുപിടിച്ച് കടുത്ത ശിക്ഷ ഉറപ്പാക്കുന്നതിന് നിലവിലെ നിയമത്തിൽ വ്യവസ്ഥയുണ്ടോ; വ്യക്തമാക്കാമോ; | (ബി) | എം.ഡി.എം.എ. പോലുള്ള മയക്കുമരുന്നുകൾ ഉൾപ്പെടെയുള്ളവയുടെ വിതരണക്കാരെ കണ്ടുപിടിച്ച് കടുത്ത ശിക്ഷ ഉറപ്പാക്കുന്നതിന് നിലവിലെ നിയമത്തിൽ വ്യവസ്ഥയുണ്ട്. NDPS നിയമത്തിലെ 31 A വകുപ്പ് പ്രകാരം വധശിക്ഷ വരെ ഉറപ്പാക്കുന്ന വ്യവസ്ഥകൾ നിലവിലുണ്ട്. കൂടാതെ മയക്കുമരുന്ന് വിതരണത്തിലൂടെ സമ്പാദിക്കുന്ന സ്വത്തുവകകൾ കണ്ടുകെട്ടുവാനും വ്യവസ്ഥയുണ്ട്. മയക്കുമരുന്ന് കേസുകൾക്ക് കൈവശമുള്ള മയക്കുമരുന്നിന്റെ അടിസ്ഥാനത്തിലാണ് നിയമത്തിൽ ശിക്ഷ വ്യവസ്ഥ ചെയ്തിരിക്കുന്നത്. എം.ഡി.എം.എ. 0.5 ഗ്രാമിൽ കൂടുതൽ കൈവശം വയ്ക്കുന്നത് 10 വർഷം വരെ തടവും, ഒരു ലക്ഷം രൂപ പിഴയും, 10 ഗ്രാമിൽ കൂടുതൽ കൈവശം വച്ചാൽ 20 വർഷം വരെ തടവും, 2 ലക്ഷം രൂപ പിഴയും നൽകാൻ NDPS നിയമത്തിലെ വകുപ്പ് 22 പ്രകാരം വ്യവസ്ഥയുണ്ട്. ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നവർക്കെതിരെ NDPS ആക്ട് 27 A വകുപ്പ് പ്രകാരം 10 വർഷം മുതൽ 20 വർഷം വരെ തടവും, 2 ലക്ഷം രൂപ വരെ പിഴയും ചുമത്താൻ നിലവിലുള്ള നിയമത്തിൽ കഴിയും. |
| (സി) | ഇവരെ പിടികൂടുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തവണ പരിശോധനകൾ നടത്തി; ഇത്തരത്തിൽ പിടികൂടപ്പെടുന്നവർ ശിക്ഷയിൽ പരിപൂർണ്ണ ഇളവ് | (സി) | ഇവരെ പിടികൂടുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 1955 പരിശോധനകൾ നടത്തി. ഇത്തരത്തിൽ പിടികൂടപ്പെടുന്നവർ ശിക്ഷയിൽ പരിപൂർണ്ണ |

| | | | |
|---|---|---|---|
| | നേടുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | | ഇളവുകൾ നേടുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരത്തിൽ പിടിക്കപ്പെടുന്നവർക്ക് പരമാവധി ശിക്ഷ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ